(ബി) ഉണ്ടെങ്കിൽ ഏതു രീതിയിൽ;

(സി) പുന:സംഘടന എന്നു നടപ്പിലാകും;

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) ഉണ്ട്.

(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പുതിയ ഘടനയെ സംബന്ധിച്ച് ആവശ്യമായ ഉത്തരവുകളും അയച്ചിട്ടുണ്ട്. അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്†.

(സി) മുകളിൽ സൂചിപ്പിച്ച ഉത്തരവിൻ പ്രകാരമുള്ള പുതിയ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളും നടക്കുന്നതോടുകൂടി പുന: സംഘടന നടപ്പിൽ വരുന്നതാണു.

വിജിലൻസ് കമ്മീഷൻ

* 148. (521) ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കമ്മീഷണറായി ഇന്നു ഈ സംസ്ഥാനത്തു ജോലിനോക്കുന്നത് ആരാണ്;

(ബി) ഇതിനു മുമ്പു അദ്ദേഹത്തിന് എന്തൊക്കെയായിരുന്നു ജോലികൾ;

(സി) അദ്ദേഹത്തെ ഈ സ്ഥാനത്തു നിയമിച്ചത് എന്ന്;

(ഡി) നിയമിക്കാനുള്ള അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തെല്ലാം;

(ഇ) തന്നെ ആ സ്ഥാനത്തു നിയമിക്കണമെന്നു കാണിച്ചു അദ്ദേഹം അപേക്ഷിച്ചിരുന്നുവോ;

(എഫ്) ഇല്ലെങ്കിൽ അദ്ദേഹത്തിനു പ്രസ്തുത സ്ഥാനം വഹിക്കാനുള്ള യോഗ്യതകൾ എങ്ങനെ ആരു മുഖാന്തിരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) ഈ തസ്തിക ഇപ്പോൾ നിലവിൽ ഇല്ല.

(ബി, സി, ഡി, ഇ, ആൻറു എഫ്) (എ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, 1969—70—ലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിന്റെ (നമ്പർ 2) ചർച്ചയും വോട്ടെടുപ്പും 1970 മാർച്ചു 9—ാം തീയതിക്കു പകരം മാർച്ചു 13—ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്കും 10 മണിക്കും ഇടയ്ക്കു നടക്കുന്നതാണ്.

9 A. M.]

†Appendix II

LIBRARY ARCHIVES Kerala Legislative Assembly